**ബ്രിക്സ് വികസന പങ്കാളിത്ത കാര്യനിർവാഹക യോഗം, ന്യൂഡെൽഹി (ആഗസ്ത് 6-7, 2016)**

ആഗസ്ത് 09, 2016

ബ്രിക്സ് വികസന പങ്കാളിത്ത കാര്യനിർവാഹക യോഗം, ആഗസ്ത് ഏഴിന് ((ആഗസ്ത് 6-7, 2016) ന്യൂഡൽഹിയിൽ വിജയകരമായി സമാപിച്ചു. രണ്ടു ദിവസം നീണ്ടു നിന്ന യോഗം അവരവരുടെ വികസന സഹകരണ പദ്ധതികളുടെ ഘടനയെ കൂടുതൽ നന്നായി മനസ്സിലാക്കുവാനും വികസന സഹകരണമേഖലയിലെ ആഗോള, ദേശീയ, മേഖലാ പ്രാധാന്യമുള്ള വിഷയങ്ങളിൽ ഫലപ്രദമായ തരത്തിൽ ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിൽ ആശയവിനിമയം നടത്തുന്നത് കാണാനുമുള്ള അവസരം നല്കി. നയ പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിലെ വെല്ലുവിളികളെ നേരിടുന്നതിനെയും ലഘൂകരിക്കുന്നതിനെയും കുറിച്ച് അവർക്കുള്ള മികച്ച പ്രവർത്തനങ്ങളിലെ അറിവുകൾ പങ്ക് വച്ചതിനൊപ്പം , അവരവരുടെ ദേശീയ മുൻഗണനകൾ അനുസരിച്ചു അവർക്കിടയിലെ സഹകരണം വളർത്തുന്നതിനും അംഗരാജ്യങ്ങൾ ചർച്ച ചെയ്തു ആഗോള വികസന ഘടനയെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവർ പങ്ക് വച്ചു. യോഗത്തിൽ പങ്കെടുത്തവർ ഫോറം ഫോർ ഇന്ത്യൻ ഡെവലപ്മെന്റ് കോഓപ്പറേഷൻ (ഫിഡ്ക്) അംഗങ്ങളുമായി ചർച്ചകൾ നടത്തി

അംഗരാജ്യങ്ങൾക്കിടയിലെ ഈ വികസന സഹകരണ ചർച്ച തുടരണമെന്ന് പങ്കെടുത്തവർ തീരുമാനിച്ചു

യോഗത്തിന് സൌകര്യങ്ങൾ ഒരുക്കിയതിനും ഊഷ്മളമായ ആതിഥ്യമര്യാദകൾ അവർക്കായി ഒരുക്കിയതിനും ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണ ആഫ്രിക്കയിലെയും പ്രതിനിധികൾ ഇന്ത്യാ ഗവൻമെന്റിനോട് അവരുടെ ആത്മാർഥമായ നന്ദി അറിയിച്ചു .

ന്യൂഡെൽഹി
ആഗസ്ത് , 09 2016